"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം GE-JR1/304/2024-G.EDN
പൊതുവിദ്യാഭ്യാസ(ജെ.ആർ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 10-09-2024

<u>സർക്കുലർ</u>

വിഷയം:- പൊതുവിദ്യാഭ്യാസം - സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്നതിനായി മാനേജർമാർ റിക്വിസിഷൻ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട അധിക നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്.

സൂചന:- 1. 25/06/2022 ലെ സ.ഉ(കൈ) 111/2022/പൊ.വി.വ നമ്പർ ഉത്തരവ്

2.എംപ്ലോയ്മെന്റ് ഡയറക്ടറുടെ 10.6.2024-ലെ ഡിഇ/1457/2023-പി 2 നമ്പർ കത്ത്.

3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 11/07/2024 ലെ ഡി.ജി.ഇ/15133/2023-എച്ച്2-Part(1) നമ്പർ കത്ത്.

സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഭിന്ന ശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപെട്ടു സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് പരാമർശം (1) ഉത്തരവിൽ വിശദമാക്കിയിട്ടുണ്ട്. ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിന്, ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്നതിനായി മാനേജർമാർ റിക്വിസിഷൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഭിന്നശേഷി സംവരണം എയ്ഡഡ് മേഖലയിൽ നടപ്പിലാക്കുന്നതിനായി "റിക്രൂട്ട്മെന്റ് വർഷം" എന്നത് അതതു മാനേജർമാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവ് റിപ്പോർട്ട്

ചെയ്യുന്ന തീയതി മുതൽ ഒരു വർഷം ആയി കണക്കാക്കേണ്ടതാണ്.

2. ഈ സർക്കുലർ തീയതി മുതൽ, ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ/ആർ.ഡി.ഡി/എ.ഡി ഓഫീസുകൾ മുഖേന മാത്രമേ റിക്വിസിഷനുകൾ അതതു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് സമർപ്പിക്കുവാൻ പാടുള്ളൂ. ഇപ്രകാരം മാനേജർമാർ സമർപ്പിക്കുന്ന റിക്വിസിഷനുകൾ 1995 ലെ PWD ആക്റ്റ്, 2016ലെ RPWD ആക്റ്റ്, നാളിതുവരെ സർക്കാരും പൊതു വിദ്യാഭ്യാസ ഡയറക്ടറും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ, ഇത് സംബന്ധിച്ച കോടതി ഉത്തരവുകൾ എന്നിവയിലെ നിർദേശങ്ങൾ പ്രകാരമാണ് എന്ന് വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

3. ഒരു റിക്രൂട്ട്മെന്റ് വർഷത്തിൽ റിക്വിസിഷനുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സമർപ്പിക്കുമ്പോൾ, യോഗ്യതയുള്ള ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ഇല്ലെങ്കിൽ Non Availability Certificate നൽകേണ്ടതും, അതിനു ശേഷം യോഗ്യരായ ഉദ്യോഗാർഥികളുടെ അപേക്ഷ ക്ഷണിച്ചു കൊണ്ട്,നിലവിൽ ഇതുമായി ബന്ധപ്പെട്ട് ബഹു.ഹൈകോടതിയിൽ നിലനിൽക്കുന്ന കേസിലെ അന്തിമ വിധിന്യായത്തിനു വിധേയമായി, നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം,പത്രപരസ്യം നൽകേണ്ടതുമാണ്.

4. മേൽ നടപടികൾക്ക് ശേഷവും യോഗ്യതയുള്ള ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർ ത്ഥികളെ ലഭ്യമായില്ലായെങ്കിൽ, പ്രസ്തുത ഒഴിവ് അടുത്ത റിക്രൂട്ട്മെൻ്റ് വർഷത്തിലേക്ക് മാറ്റിവെയ്ക്കേണ്ടതും അതേ ഭിന്നശേഷി വിഭാഗത്തിനായി തന്നെ ടി ഒഴിവ് സംവരണം ചെയ്തു കൊണ്ട് റിക്വിസിഷനുകൾ സമർപ്പിക്കേണ്ടതുമാണ്. ടി ഭിന്നശേഷി വിഭാഗത്തിൽ ഉദ്യോഗാർത്ഥിയെ ലഭ്യമായില്ലെങ്കിൽ, ഭിന്നശേഷി സംവരണക്രമ പ്രകാരമുള്ള മറ്റു അഞ്ചു വിഭാഗങ്ങളിൽ നിന്നും, ക്രമാനുസരണം യോഗ്യരായ ഉദ്യോഗാർത്ഥിയെ തിരഞ്ഞെടുക്കാവുന്നതുമാണ്. മേൽ നടപടികൾക്ക് ശേഷവും ഭിന്നശേഷി വിഭാഗത്തിൽപെട്ട യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്തപക്ഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും NAC നൽകേണ്ടതാണ്.

5. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും Non availability certificate നൽകിയ ഒഴിവുകൾ നികത്തുന്നതിനായി അടുത്ത റിക്രൂട്ട്മെൻ്റ് വർഷത്തിൽ റിക്വിസിഷനുകൾ സമർപ്പിക്കുമ്പോൾ, മുൻവർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും NAC നൽകിയിരുന്ന അതേ ഒഴിവാണെന്ന വിവരവും,അതേ ഭിന്നശേഷി വിഭാഗമാണെന്നും

പ്രത്യേകം രേഖപ്പെടുത്തിയ റിക്വിസിഷൻ, ബന്ധപ്പെട്ട മാനേജർമാർ അതതു വിദ്യാഭ്യാസ ഓഫീസർമാർ മുഖേന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കുമ്പോൾ റിക്വിസിഷനുകൾ മുഖേന അറിയിച്ചിട്ടുള്ള ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥിയെ ലഭ്യമായില്ലായെങ്കിൽ, RPWD Act 2016 സെക്ഷൻ 34(2) ലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ് എന്ന വിവരവും കൂടി മാനേജർമാർ രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരമുള്ള റിക്വിസിഷനുകൾ ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ അംഗീകാരത്തോടെ മാത്രം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നൽകുവാൻ സംസ്ഥാനത്തെ എല്ലാ എയ്ഡഡ് സ്കൂൾ മാനേജർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5. മേൽപ്രകാരം നൽകുന്ന റിക്വിസിഷനുകളുടെയും തസ്തികയുടെയും വ്യക്തമായ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി അതതു വിദ്യാഭ്യാസ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

MEENAMBIKA M I
ADDITIONAL SECRETARY

Signed by
N K Sheena
സെക്ഷൻ ഓഫീസർ.
Date: 11-09-2024 14:26:08

പകർപ്പ്

എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, അസിസ്റ്റന്റ് ഡയറക്ടർമാർക്കും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കൈറ്റ്,തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.